കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് – കാഞ്ഞങ്ങാട് അലാമിപ്പള്ളി ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് തുടർ നിർമ്മാണത്തിന് ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നതിന് കാഞ്ഞങ്ങാട് നഗരസഭയ്ക്ക് അനുമതി നൽകിയത് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം: 1942/2012/തസ്വഭവ തിരുവനന്തപുരം, തീയതി:12/7/2012**

**പരാമർശം:- 1. സ.ഉ (സാധാ) നം. 1738/12/തസ്വഭവ തീയതി: 25/6/2012.**

**2. നഗരകാര്യ ഡയറക്ടറുടെ 11/7/12-ലെ ഡിസി3-8586/11 നമ്പർ കത്ത്.**

**ഉത്തരവ്**

അലാമിപ്പള്ളി ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹഡ്കോയിൽ നിന്നും 500 ലക്ഷം രൂപ (അഞ്ഞൂറ് ലക്ഷം) വായ്പയെടുക്കുന്നതിന് കാഞ്ഞങ്ങാട് നഗരസഭയ്ക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വായ്പ അനുവദിക്കുന്നതിന് പ്രസ്തുത ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിൽക്കുന്ന സ്ഥലം ഈടായി നൽകണമെന്ന വ്യവസ്ഥ കൂടി ചേർക്കണമെന്ന് ഹഡ്കോ സീനിയർ മാനേജർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ടി വ്യവസ്ഥ കൂടി ഉൾക്കൊള്ളിച്ച് പരാമർശം ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. 27/7/11-ലെ കാഞ്ഞങ്ങാട് നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശുപാർശയുടെയും അടിസ്ഥാനത്തിൽ ഹഡ്കോയിൽ നിന്ന് വായ്പ സ്വീകരിക്കുന്നതിന് കാഞ്ഞങ്ങാട് നഗരസഭയ്ക്ക്, അലാമിപ്പള്ളിയിലെ നിർദ്ദിഷ്ട ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്നതായ വസ്തു ഈട് നൽകുന്നതിനും കെ.യു.ആർ.ഡി.എഫ്.സിയിൽ നിലവിലുള്ള വായ്പ ഹഡ്കോയെകൊണ്ട് ടേക്ക് ഓവർ ചെയ്യിക്കുന്നതിനുമുള്ള, അനുമതി നൽകിക്കൊണ്ട് പരാമർശം ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

3. പരാമർശം ഉത്തരവ് പ്രസ്തുത ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.ശോഭ

ഗവ.അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ, കാസർഗോഡ്

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, വഴുതക്കാട്, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ